# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1717 07.03.2018-ൽ മറുപടിക്ക്

## ക്യാൻസർ സെന്ററുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.പി. കെ. ബഷീർ

**മറുപടി**

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പ്രാരംഭഘട്ടത്തിൽ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവ പ്രാരംഭ ഘട്ടത്തിൽതന്നെ പരിശോധിച്ച് കണ്ടുപിടിക്കുന്നതിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്നും ആയത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;<br><br>ബി) ഇതു സംബന്ധിച്ച് എന്തെല്ലാം പ്രചാരണ പരിപാടികളും ബോധവത്കരണ പരിപാടികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) & ബി) | വദനാർബുദം പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുവാൻ ക്ലിനിക്കൽ പരിശോധനയിലൂടെ ഒരു വിദഗ്ധ ഡോക്ടർക്ക് സാധിക്കുന്നതാണ്. സംശയാസ്പദമായ ലക്ഷണങ്ങൾ കണ്ടാൽ ബയോപ്സി പരിശോധന വഴി രോഗം സ്ഥിരീകരിക്കാൻ കഴിയുന്നതാണ്. ഇതു കൂടാതെ വായ പരിശോധന പരിശീലിക്കുക വഴി രോഗിക്ക് സംശയം ഉണ്ടാകുമ്പോൾ തന്നെ ഡോക്ടറുടെ സഹായം തേടുവാനാകും. സ്തനാർബുദം മുൻകൂട്ടി കണ്ടുപിടിക്കാൻ പരിശീലനം ലഭിച്ച വിദഗ്ധ ഡോക്ടർമാർക്ക് ക്ലിനിക്കൽ പരിശോധന വഴിയും ഇതു കൂടാതെ മാമോഗ്രാഫി, അൾട്രാസൗണ്ട് സ്കാനിംഗ്, കുത്തിയെടുത്ത് പരിശോധന (FNAC) തുടങ്ങിയ മറ്റ് പരിശോധനകൾ വഴി രോഗം സ്ഥിരീകരിക്കാൻ സാധിക്കും. ചിലപ്പോൾ രോഗബാധിത ഭാഗത്തു നിന്നും ശസ്ത്രക്രിയ വഴി കലകളെടുത്ത് (exision biopsy) പരിശാധിക്കേണ്ടതായും വരും.<br>പാപ്സ്മിയർ, VIA-VILI test, കോൾപോസ്കോപ്പി തുടങ്ങിയ പരിശോധനകൾ വഴി ഗർഭാശയഗള കാൻസർ കണ്ടുപിടിക്കാൻ സാധിക്കുന്നതാണ്. മേൽപ്പറഞ്ഞ പരിശോധനകളെല്ലാം ചെയ്യാനുള്ള സംവിധാനം ആർ.സി.സി.യിൽ നിലവിലുണ്ട്. ഇതു കൂടാതെ മാമോഗ്രാഫിയും, അൾട്രാസൗണ്ട് ഒഴികെയുള്ള പരിശോധനകൾ നടത്തുവാൻ ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങളിലും കൊല്ലത്തു പ്രവർത്തിക്കുന്ന NBRR ക്ലിനിക്കിലും സൗകര്യം ലഭ്യമാണ്.<br>എല്ലാ സാമ്പത്തിക വർഷവും ഡോക്ടർമാർക്കും, നഴ്സുമാർക്കും ക്യാൻസർ സെന്ററുകളിൽ വച്ച് പരിശീലനം നൽകുകയും തുടർന്ന് ആരോഗ്യവകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ സെന്ററുകളിൽ ഇവരെ വിന്യസിച്ച് ക്യാൻസർ ചികിത്സയും നിർണ്ണയവും നടത്തി വരുന്നു. വദനാർബുദം കണ്ടെത്തുന്നതിനായി ജില്ലാ ആശുപത്രികളിൽ ഓറൽ ക്യാൻസർ ഡിറ്റക്ഷൻ |

ക്ലിനിക്കുകൾ ദന്തരോഗ വിഭാഗവുമായി ചേർന്ന് നടത്തി വരുന്നു. ആരോഗ്യവകുപ്പിനു കീഴിലുള്ള ജില്ലാ കാൻസർ കെയർ സെന്ററുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | ജനറൽ ആശുപത്രി |
| 2 | കൊല്ലം | ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പുനലൂർ |
| 3 | പത്തനംതിട്ട | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, കോഴഞ്ചേരി (ആർ.സി.സിയുടെ കീഴിൽ) |
| 4 | കോട്ടയം | ജില്ലാ ആശുപത്രി |
| 5 | ആലപ്പുഴ | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മാവേലിക്കര |
| 6 | ഇടുക്കി | താലൂക്കാശുപത്രി, തൊടുപുഴ |
| 7 | എറണാകുളം | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, വടക്കൻ പറവൂർ |
| 8 | തൃശ്ശൂർ | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, ഇരിങ്ങാലക്കുട |
| 9 | മലപ്പുറം | ജില്ലാ ആശുപത്രി, തിരൂർ |
| 10 | പാലക്കാട് | ജില്ലാ ആശുപത്രി |
| 11 | കോഴിക്കോട് | ജില്ലാ ആശുപത്രി, വടകര |
| 12 | കണ്ണൂർ | ജില്ലാ ആശുപത്രി |
| 13 | വയനാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട് |
| 14 | കാസർഗോഡ് | ജില്ലാ ആശുപത്രി |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കാൻസർ രോഗ ചികിത്സ നൽകിവരുന്നു.

ലീനിയർ ആക്സിലേറ്റർ, എലൈറ്റ് 80 ടെലി കോബോൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം., ബ്രോങ്കോസ്കോപ്പി, എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി എന്നിവ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ, അത്യാധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയേറ്ററുകളും, ഡിജിറ്റൽ മാമോഗ്രാഫി മുതലായ സൗകര്യങ്ങളും മലബാർ കാൻസർ സെന്ററിൽ ലഭ്യമാണ്. വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള കാൻസർ തുടങ്ങിയവ പ്രാരംഭ ദശയിൽ കണ്ടുപിടിക്കുന്നതിനുള്ള സൗകര്യവും, ഒരു ദിവസം ദൈർഘ്യമുള്ള കീമോതെറാപ്പി ചികിത്സയും

| | | | |
|---|---|---|---|
| | | | കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ നൽകി വരുന്നു. എല്ലാ സാമ്പത്തിക വർഷവും നിരവധി പദ്ധതികളാണ് ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ആരോഗ്യബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, പോസ്റ്ററുകൾ, ലഘുരേഖകൾ, എക്സിബിഷനുകൾ എന്നിവ എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പ് നടത്തിവരുന്നു. പുകയില, മദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും പ്രത്യേകിച്ച് ഇവയ്ക്ക് ക്യാൻസറുമായുള്ള ബന്ധത്തെക്കുറിച്ചും സ്കൂൾ, കോളേജ് തലത്തിൽ പ്രത്യേക ആരോഗ്യ ബോധവത്ക്കരണം നൽകി വരുന്നു. പഞ്ചായത്ത് തലത്തിൽ ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.സി.സിയിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിലും, ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളിലും, മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിലും ബോധവത്ക്കരണ ക്ലാസ്സുകളും മുൻകൂർ കാൻസർ പരിശോധന ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. |
| സി) | കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളും കേന്ദ്രീകരിച്ച് കാൻസർ നിർണയിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | കാൻസർ ചികിത്സാരംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ച ജില്ലാ കാൻസർ കെയർ പദ്ധതി ഇപ്പോൾ 14 ജില്ലകളിലായ 18 ആശുപത്രികളിൽ നിലവിലുണ്ട്. ഇത് കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതുതായി നിർമ്മിച്ച ഒരു പത്തുനില കെട്ടിടം ആർ.സി.സി.യിൽ സജ്ജമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിൽ ഔട്ട് പേഷ്യന്റ് ക്ലിനിക്കുകൾ, ഡേകെയർ കീമോ തെറാപ്പി, ന്യൂക്ലിയാർ മെഡിസിൻ, ഡെന്റൽ ഡിവിഷൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഇൻഫർമേഷൻ സിസ്റ്റംസ് ഡിവിഷൻ, മെഡിക്കൽ റെക്കോർഡ്സ് ഡിവിഷൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആർ.സി.സി.യോട് ചേർന്ന് ഒരു പുതിയ 14 നില കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ആർ.സി.സി.യിൽ ആറ് ഓപ്പറേഷൻ തിയേറ്ററുകൾ പ്രവർത്തന സജ്ജമാണ്. ആർ.സി.സി.യുടെ രണ്ടാം ക്യാമ്പസ് പുലയനാർകോട്ടയിൽ സ്ഥാപിക്കുന്നതിന് 11.78 ഏക്കർ ഭൂമി നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ക്യാൻസർ സെന്റർ, ന്യൂറോ ഓങ്കോളജി സെന്റർ, ഗവേഷണ വിഭാഗം, രോഗികൾക്കും, കൂട്ടിരിപ്പുകാർക്കുമുള്ള ഡോർമെറ്ററി സൗകര്യം, ഹോം എവെ ഫ്രം ഹോം (Home Away |

| | | | |
|---|---|---|---|
| | | | From Home) കമ്മ്യൂണിറ്റി ഓങ്കോളജി സെന്റർ തുടങ്ങിയ വിവിധ പദ്ധതികളാണ് പുലയനാർകോട്ടയിൽ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ